بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 05/12/14

## (12 SAFAR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

**മൗറീഷ്യസിലെ തെരഞ്ഞെടുപ്പും രാഷ്ട്രീയവും**

കഴിഞ്ഞ വെള്ളിയാഴ്ച നിങ്ങളോട് പറഞ്ഞ വിഷയം തുടരുവാൻ അവസരം നൽകിയ ദൈവം തമ്പുരാന് ഞാനാദ്യമേ നന്ദി രേഖപ്പെടുത്തുന്നു. നിങ്ങൾക്കൊക്കെ അറിയാവുന്നതു പോലെ മൗറീഷ്യസിലും അനുബന്ധ പ്രദേശങ്ങളായ റോഡ്രിഗ്യൂസിലും അഗെൽഗയിലും പൊതു തെരഞ്ഞെടുപ്പ് നടക്കുന്ന ഡിസംബർ 10-ാം തീയതി ബുധനാഴ്ചയ്ക്ക് ഇനി ഏതാനും ദിവസങ്ങളേ കഴിയാനുള്ളൂ.

മൗറീഷ്യസ് പൗരന്മാരെ സംബന്ധിച്ചിടത്തോളം, ഈ പൊതു തെരഞ്ഞെടുപ്പ്, രണ്ടാം റിപ്പബ്ലിക്ക് ആശയം പൂർത്തീകരിയ്ക്കാനുള്ള ഒരവസരം കൊണ്ടു വരുന്നു. അതു വഴി ജനക്ഷേമത്തിനുവേണ്ടി ഏറെ പരിശ്രമിച്ച മുൻ പ്രതിപക്ഷ നേതാവിനെ, അഞ്ചുവർഷത്തേക്ക് രാജ്യത്തിന്റെ പ്രധാന മന്ത്രിയായി അവരോധിയ്ക്കാനും കഴിയും. അദ്ദേഹം തീർച്ചയായും ആ സ്ഥാനം അർഹിക്കുന്ന വ്യക്തിയാണ്. രാഷ്ട്രനേതാവിനു വേണ്ട കഴിവും യോഗ്യതയും കൂർമ്മ ബുദ്ധിയും അദ്ദേഹത്തിനുണ്ട്. രാജ്യത്തിന്റെ ശോഭനമായ ഭാവിയെ സ്വപ്നം കാണുന്ന, സത്യസന്ധമായ പരിശ്രമത്തിന് തയ്യാറുള്ള വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ 47 വർഷം നീളുന്ന രാഷ്ട്രീയ ജീവിതം പൗരന്മാരുടെ പൊതു അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടത്തിന്റേതാണ്. യുവാവായിരിക്കെ ഒരു വധശ്രമത്തിൽ നിന്നുപോലും അദ്ദേഹം രക്ഷ പ്രാപിച്ചു. യുവത്വത്തിൽതന്നെ, തൊഴിലാളികളുടെ നിലനിൽപ്പിനും അവകാശങ്ങൾക്കും വേണ്ടി, മുതലാളിമാരുടെ അടിച്ചമർത്തലുകൾക്കെതിരിൽ, രാഷ്ട്രീയത്തിന്റെ സമരതീച്ചൂളകളിലേക്ക് എടുത്തു ചാടി. മൗറീഷ്യസിലെ ജനങ്ങൾക്കുവേണ്ടി അദ്ദേഹം തന്നെ തന്നെ നൽകി. പക്ഷേ, പൗരന്മാർ അദ്ദേഹത്തെ രാഷ്ട്ര നേതൃത്വത്തിലേക്ക് ഇതുവരെ അംഗീകരിച്ചില്ല. മിക്കപ്പോഴും രാഷ്ട്രീയക്കാരും സാമുദായിക സംഘടന നേതൃത്വങ്ങളുടെ സിൽബന്ധികളായ മറ്റ് വ്യക്തികളും അധികാരം പങ്കിട്ടെടുത്തു. കഴിവും യോഗ്യതയും മൂല്യവും സാമുദായിക സംഘടനകൾ സംഘബലത്തിലൂടെ ചവിട്ടിയരച്ചു. അഴിമതി, തരികിട, മോഷണം, അധികാരത്തിനുവേണ്ടിയുള്ള അമിത ത്വര, സ്വജനപക്ഷപാതം ഇതൊന്നും ആരും അദ്ദേഹത്തിൽ ആരോപിച്ചില്ല. അഴിമതിയുടെ കറപുരളാത്ത, ആദർശധീരനായ ഈ ചരിത്രപുരുഷന്റെ പേര് പോൾ റെയ്മണ്ട് ബരഞ്ചർ എന്നാണ്. അദ്ദേഹം പ്രധാനമന്ത്രിയാകുന്നത് തടയുന്നതിനുവേണ്ടി മതതീവ്രവാദികളാണ് വർഗ്ഗീയ പ്രശ്നങ്ങൾ പലവഴികളിൽ അഴിച്ചുവിട്ട് കുഴപ്പമുണ്ടാക്കാൻ എല്ലായിപ്പോഴും ശ്രമിച്ചു കൊണ്ടിരുന്നത്.

ഇത് വ്യക്തമായി സൂചിപ്പിക്കുന്ന ഒരു സംഗതിയുണ്ട്. ആത്മാർത്ഥതയും സത്യസന്ധതയും പൂർണ്ണ മനസ്സോടെയും പ്രവർത്തിക്കുന്ന വ്യക്തികൾക്ക് എല്ലാ കാലത്തും ശത്രുക്കൾ ഉണ്ടായിരുന്നു. അവർക്കെതിരിൽ വിമർശകവൃന്ദം എല്ലാ തരത്തിലുള്ള പ്രശ്നങ്ങളും സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. വർഗ്ഗീയതയുടെ വിഷാമ്പുകൾ തൊടുത്തുവിടും. പോൾ റെയ്മണ്ട് ബെറൻജറുടെ കാര്യത്തിലും ഇതൊക്കയാണ് നടന്നിരിക്കുന്നത്. അദ്ദേഹം പ്രധാനമന്ത്രിയാകരുത് എന്നാഗ്രഹിക്കുന്ന നിക്ഷിപ്തതല്പരമതികളെ അദ്ദേഹത്തിന് എതിരിണ്ടേണ്ടി വന്നു.

കഴിഞ്ഞ പത്ത് വർഷമായി മൗറീഷ്യസിൽ ഭരണം നയിക്കുന്ന ലേബർ പാർട്ടി, രാജ്യത്തെ കൊണ്ടെത്തിച്ചത് നാശത്തിലേക്കും എല്ലാ തരത്തിലുമുള്ള അഴിമതിയിലേക്കും ജീവിതച്ചെലവുകളുടെ വമ്പൻ വർദ്ധനവിലേക്കുമാണ്. ലേബർ ഭരണകാലത്ത്, രാജ്യത്ത് കുറ്റകൃത്യങ്ങൾ - മോഷണം, പിടിച്ചു പറി, ബലാൽസംഗം, ചൂതാട്ടം, സർക്കാർ ഭൂമികളുടെ നിയന്ത്രണാധികാരവും പ്രകൃതിവിഭവങ്ങളുടെ ചൂഷണവും അധികാരി വർഗ്ഗത്തിന്റെ പിണിയാളുകൾക്കുവേണ്ടി തീറെഴുതുന്ന അവസ്ഥ - ഒക്കെ വർദ്ധിച്ചിരിയ്ക്കുന്നു. ഒരു സാധാരണക്കാരൻ എന്ന നിലയിൽ നിങ്ങൾ ഈ പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടിയാൽ, നിങ്ങളെ ഒതുക്കുന്നതിനു

വേണ്ടി നിയമനടപടി ക്രമങ്ങളും വ്യവസ്ഥാപിത സംവിധാനങ്ങളും ദുരുപയോഗം ചെയ്യുവാനും ഇവർ മടി കാണിക്കില്ല.

ചില വ്യക്തികളുടെ സാമ്പത്തിക താൽപ്പര്യങ്ങളിൽ കേന്ദ്രീകൃതമായ ലേബർ പാർട്ടിയുടെ ഇന്നത്തെ പതനത്തിന് അന്ത്യം കുറിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. രാഷ്ട്രീയ നേതാവ് എന്ന നിലയിൽ പോൾ റെയ്മണ്ട് ബെറിൻജറുടെ ഏറ്റവും വ്യക്തമായ ലക്ഷ്യവും അതുതന്നെയാണ്. കീഴ്മേൽ മറിഞ്ഞുപോയ ഭരണ വ്യവസ്ഥയെ ശരിപ്പെടുത്തുകയും, കഴിവില്ലായ്മ അലങ്കാരമാക്കിയ ഭരണകർത്താക്കളെ പുറത്താക്കി വ്യവസ്ഥയെ ശുദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

തെരഞ്ഞെടുപ്പിന് മുന്നോടിയായി, നിലവിലെ പ്രധാന മന്ത്രി നവീൻ റാംഗുലാം, പ്രതിപക്ഷ നേതാവ് പോൾ റെയ്മണ്ട് ബെറഞ്ചറുമായി ഒരു സഖ്യത്തിൽ അഭയം തേടുകയുണ്ടായി. ചരിത്രത്തിന്റെ ചവറ്റു കൊട്ടയിലേക്ക് നീങ്ങേണ്ട അവസ്ഥയിലായിരുന്നു അദ്ദേഹം. രാഷ്ട്രീയ സ്ഥിതിഗതികളെപ്പറ്റി പ്രധാനമന്ത്രി ഏറെ ചിന്തിച്ചു. മൗറീഷ്യൽ മിലിറ്റന്റ് മൂവ്മെന്റ് പാർട്ടി നേതാവ് പോൾ റെയ്മണ്ട് ബെറൻജറുമായി തന്ത്രപരമായ ഒരു സഖ്യത്തിൽ ഏർപ്പെടാനും, അഞ്ചുവർഷത്തെ പ്രധാനമന്ത്രി പദവി അദ്ദേഹത്തിന് നൽകുവാനും തീരുമാനമായി. ഇപ്പോഴത്തെ പ്രധാനമന്ത്രി, പ്രസിഡന്റ് സ്ഥാനത്തേക്ക് മാറും. തെരഞ്ഞെടുപ്പ് പരിഷ്ക്കാരത്തിലൂടെ മൗറീഷ്യസിൽ ഒരു രണ്ടാം റിപ്പബ്ലിക്ക് നിലവിൽ വരും. അതുവഴി, പ്രധാനമന്ത്രിയ്ക്കപ്പുറം അധികാര അവകാശങ്ങൾ രണ്ടാം റിപ്പബ്ലിക്കിലെ പ്രസിഡന്റിന് ഉണ്ടായിരിക്കും. ഈ അഭിപ്രായ സമന്വതയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് കരാറിൽ രണ്ട് പാർട്ടികളും എത്തിച്ചേർന്നിരിക്കുന്നത്.

പുതിയ സഖ്യത്തിന്റെ അടിസ്ഥാനത്തിൽ, നിലവിൽ വരാൻ പോകുന്ന സർക്കാർ ജനസമ്മതിയുടെ വിവിധ തലങ്ങളെ ഉൾക്കൊള്ളുന്നതായിരിക്കും എന്നാണ് രണ്ട് കക്ഷികളും അവകാശപ്പെടുന്നത്. PTR-MMM സഖ്യനേതാക്കൾ പറയുകയുണ്ടായി. **“പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഞങ്ങൾ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആഴത്തിലുള്ള പഠനങ്ങൾ ഇക്കാര്യത്തിൽ വേണ്ടി വരും. രാജ്യത്തിന്റെ ഐക്യതയും ആധുനികതയും വികസോന്മുഖ യുവത്വത്തേയും പ്രതിഫലിപ്പിക്കുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ദിവസം കഴിയുന്തോറും കൂടുതൽ കൂടുതൽ ജനങ്ങൾ കാര്യങ്ങൾ അറിഞ്ഞ് ബോദ്ധ്യപ്പെടുന്നുണ്ട്. ഞങ്ങൾ സംഘടിപ്പിക്കുന്ന മീറ്റിംഗുകളിൽ ഐക്യതയുടെയും വികസനത്തിന്റെയും സന്ദേശം ഞങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു. അഭിപ്രായ വിനിമയങ്ങളും സംഭാഷണങ്ങളും സംവാദങ്ങളും ഈ കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. കാര്യങ്ങൾ അറിയുക എന്നത് ഒരു വിഭാഗത്തിന്റെ പ്രത്യേക കുത്തകയൊന്നുമല്ല; ജനങ്ങളുടെ അവകാശമാണ്”**

പോൾ ബെറൻജർ പ്രധാമന്ത്രിയാകരുത് എന്ന ഒറ്റ ലക്ഷ്യത്തോടെ, **‘രണ്ടാം റിപ്പബ്ലിക്ക്’** എന്ന ആശയത്തെ എതിർക്കുന്ന ചിലർ ഇന്നുണ്ട്. ഈ കപടന്മാർ വിഭാഗീയതയുടെ വിഷനാമ്പുകൾക്ക് വളം വയ്ക്കുന്നു. കാലത്തിൽ നിന്ന് ഇവർ ഒന്നും ഉൾക്കൊണ്ടതായി തോന്നുന്നില്ല. ചെറിയ തീപ്പൊരികൾക്ക് വലിയ നാശം വിതയ്ക്കാൻ കഴിയുമെന്ന് നാം മറക്കാതിരിക്കുക.

വർഗ്ഗീയത മൗറീഷ്യസ് രാഷ്ട്രീയത്തിൽ

സാമൂഹിക സാംസ്കാരിക പ്രസ്ഥാനങ്ങൾ രാഷ്ട്രീയത്തിൽ ഇടപെടുന്നത് നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ ? അവർ മതപരമായ പ്രവർത്തനങ്ങൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയല്ലാ ചെയ്യുന്നത്. പോൾ ബെറൻജർ പ്രധാനമന്ത്രിയാകുന്നതിനെ അവർ ഭയപ്പെടുന്നു. തങ്ങളുടെ നിക്ഷിപ്ത താൽപ്പര്യങ്ങൾക്ക് ഭംഗം സംഭവിക്കുമെന്ന് അവർ ഭയപ്പെടുന്നു. ‘വോയ്സ് ഓഫ് ഹിന്ദു’ എന്ന സംഘടന രാജ്യത്തെ ഹൈന്ദവ സഹോദരങ്ങളോട് തങ്ങളുടെ സ്ഥാനാർത്ഥികൾക്ക് മാത്രമേ വോട്ട് ചെയ്യാവൂ എന്നുൽബോധിപ്പിക്കുന്നു.! സാമൂഹിക മതസംഘടനകൾ രാഷ്ട്രീയ ചർച്ചകളിൽ ഇടപെടരുത്. ലേബർ പാർട്ടിയുടെ നേതാക്കളാകട്ടെ, സാമുദായിക നേതാക്കൻമാരെ പ്രീണിപ്പിക്കാൻ, ശ്രമിക്കുകയാണ് - വോട്ടു തേടിയുള്ള വിലകുറഞ്ഞ തന്ത്രങ്ങൾ അവർ പുറത്തെടുത്തുകൊണ്ടേയിരിക്കുന്നു.

PTR-MMM സഖ്യം രൂപപ്പെട്ടതിന് തൊട്ടുപിന്നാലെ, ഈ കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ താൻ കണ്ട ഒരു സ്വപ്നം സാന്ദർഭികമായി ഹുസൂർ തിരുമനസ്സ് സ്മരിക്കുകയുണ്ടായി. തെരഞ്ഞെടുപ്പ് തീയതികളൊന്നും അപ്പോൾ തീരുമാനിക്കപ്പെട്ടിരുന്നില്ല. സ്വപ്നത്തിൽ, നവീൻ രാംഗുലാം പോൾ ബെറൻജറോട്

പറയുന്നതായി ഞാൻ കേട്ടു. ‘‘പോൾ, എന്റെ ലേബർ പാർട്ടി ഒരുപാട് സ്ഥാനാർത്ഥികളെ ജയിപ്പിച്ചിട്ടുണ്ട്.; താങ്കളുടെ പാർട്ടിയേക്കാൾ വളരെയേറെ. അതുകൊണ്ട്, ഭൂരിപക്ഷം താങ്കളെക്കാൾ എന്നോടൊപ്പമാണ്. പോൾബറിൻജർ, ഇത് കേട്ട് ദുഃഖിതനായി. ലേബർ പാർട്ടിയോട്, സഖ്യമുണ്ടാക്കിയതിൽ അദ്ദേഹം നിരാശനായി. അദ്ദേഹത്തിന് പ്രധാനമന്ത്രിയാകാനും കഴിഞ്ഞില്ല. ആ സ്വപ്നത്തിൽ, ഞാൻ ഇങ്ങനെ പറയുന്നുണ്ടായിരുന്നു. ലേബർ പാർട്ടിയുടെ പ്രചാരണം ഇങ്ങനെയാണ്. ‘‘ ഞങ്ങൾക്ക് വോട്ടുചെയ്യുക ; ഞങ്ങളാണ് ഭൂരിപക്ഷം’’. അതായത്, ഹിന്ദുക്കളായ സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യുക, ലേബർ പാർട്ടിയിലേയോ, മൗറീഷ്യസ് മിലിറ്റന്റ് പാർട്ടിയിലോ ഉള്ള സ്ഥാനാർത്ഥികൾ ആയിരിക്കുമ്പോൾ തന്നെ ഇതൊരു സ്വപ്നമാണ്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്ക് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കാണാം.

അതുകൊണ്ട്, ഭൂരിപക്ഷസമുദായത്തിലെ അംഗങ്ങൾ രണ്ടാം റിപ്പബ്ലിക്ക് ആശയത്തെ ഭയപ്പെടുന്നില്ല. നവീൻ രാംഗുലാം പ്രസിഡന്റ് ആകുന്നതിലും അവർക്ക് ആശങ്കയില്ല. അതിലൂടെ ഭാവി പ്രധാനമന്ത്രി പോൾബറിൻജറിനെക്കാൾ അധികാരം പുതിയ പ്രസിഡന്റിന് ഉണ്ടാകുമെന്നവർ കണക്ക് കൂട്ടുന്നു. അവർ രാഷ്ട്രീയമായി ഉന്നം വയ്ക്കുന്നത് തീർച്ചയായും ആദരണീയനായ പോൾ റെയ്മണ്ട് ബെറിൻജറെയാണ്. ഈ തെരഞ്ഞെടുപ്പിൽ ലേബർ പാർട്ടി – മൗറീഷ്യസ് മിലിറ്റന്റ് മൂവ്മെന്റ് സഖ്യം അധികാരത്തിൽ വന്നാൽ, അത് ഭൂരിപക്ഷ സമുദായത്തിന്റെ നേതാക്കളുടെ ആഗ്രഹങ്ങൾക്കെതിരിൽ ആയിരിക്കും. തീർച്ചയായും, പോൾ റെയ്മണ്ട് ബെറിൻജറെന്ന ഈ വെള്ള വംശജൻ, അഞ്ചു വർഷത്തേക്ക് പ്രധാന മന്ത്രിയാകാൻ അനുയോജ്യൻ തന്നെയാണ്. എന്നാൽ നിർഭാഗ്യകരം എന്ന് പറയട്ടെ, ഹൈന്ദവ സംഘടനകളും നേതാക്കൻമാരും – വോയ്സ് ഓഫ് ഹിന്ദു, സന്നാതന ധർമ്മ ക്ഷേത്ര ഫെഡറേഷൻ, സോമദത്ത് ദുൽത്തമൻ തുടങ്ങിയ നേതാക്കൾ – വോട്ടവകാശ വിനിയോഗത്തെപ്പറ്റി കല്പനകളുമായി ഇറങ്ങിതിരിച്ചിരിക്കുകയാണ്. അവർ ചെയ്യുന്നത് മതാചാര്യന്മാർക്ക് ചേരുന്ന പണിയല്ല. അവർ സമുദായംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയം കളിക്കുകയാണ്. ലേബർ പാർട്ടിയിലേയും മൗറീഷ്യസ് മിലിറ്റന്റ് മൂവ്മെന്റിന്റേയും ഹൈന്ദവ ആധിപത്യത്തെ ഉപയോഗിച്ച്, ബൂത്ത് തലത്തിൽ വീട് കയറിയുള്ള പ്രചാരണങ്ങളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. വർഗ്ഗീയ രാഷ്ട്രീയത്തിന്റെ ഇത്തരത്തിലുള്ള അതിപ്രസരം ഏറ്റവും നിർഭാഗ്യകരമാണ്. മുൻ കരുതൽ എടുത്തില്ലെങ്കിൽ, ഇത് വംശീയ വിദ്വേഷവും ലഹളകൾ തന്നെയും ഉണ്ടാകാൻ കാരണമായേക്കും. അങ്ങനെയൊന്നും സംഭവിക്കാതിരിക്കാൻ നാം ദൈവം തമ്പുരാനോട് ഏറെ പ്രാർത്ഥിച്ച് അപേക്ഷിക്കേണ്ടതുണ്ട്.

വോയ്സ് ഓഫ് ഹിന്ദുവും, സനാതന ധർമ്മ സംഘടനയും ഹിന്ദുക്കളോട് പരസ്യമായി പറയുന്നതെന്തന്നാൽ, ഹിന്ദു സ്ഥാനാർത്ഥികൾക്ക് മാത്രം വോട്ടു ചെയ്യുക എന്നാണ്. അവർ ജനങ്ങൾക്കിടയിൽ വർഗ്ഗീയ പ്രചാരണങ്ങൾ അഴിച്ചുവിടുകയാണ്. ഇതു വർഗ്ഗീയ വിദ്വേഷം സമൂഹത്തിൽ പരക്കാൻ കാരണമാകുന്നില്ലയോ ? ഇവർ തീകൊണ്ട് കളിക്കുന്നത് മൗറീഷ്യസ് സമൂഹം മുഴുവൻ നിരീക്ഷിക്കുന്നുണ്ട്. നമ്മുടെ സാമൂഹ്യ സൗഹാർദ്ദ അന്തരീക്ഷം അത്ര നല്ല നിലയിലല്ലാ ഉള്ളത്. അതുകൊണ്ട് തന്നെ, വർഗ്ഗീയത പരത്തുന്ന പ്രചാരണങ്ങൾ നാം ഒഴിവാക്കുക തന്നെവേണം. ഏറ്റവും നിർഭാഗ്യകരമായ കാര്യം, ഇത്തരം പ്രചാരങ്ങളിൽ ഏർപ്പെടുന്നവർ അധികാര പദവികളിൽ ഉള്ളവർ തന്നെയാണെന്നതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, അധികാരത്തിന്റെ മറവിലും അഹന്തയിലും എന്തും ആകാമെന്ന് ഇത്തരക്കാർ കരുതുന്നു.

രാജ്യത്തെ സുരക്ഷയ്ക്കും സമാധാനത്തിനും ആരാണ് ഉത്തരവാദി. ഈ ഉത്തരവാദിത്വം പ്രധാനമന്ത്രിയിൽ നിക്ഷിപ്തമാണെന്ന കാര്യത്തിൽ തർക്കമില്ല. അദ്ദേഹത്തിന്റെ കൂട്ടത്തിൽപ്പെട്ട വ്യക്തികളെ സാമുദായിക സൗഹാർദ്ദം തകർക്കാൻ എന്തിനാണ് ഇങ്ങനെ കയറൂരി വിട്ടിരിക്കുന്നത് ? ഒരു ചോദ്യം; നാളെ, രാജ്യത്തെ മുസ്ലീംങ്ങൾ തങ്ങളുടെ ശബ്ദമുയർത്തുകയും, ഇവിടെ താമസിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് പറഞ്ഞാൽ, അല്ലെങ്കിൽ ക്രിസ്ത്യാനികളും പ്രതിഷേധവും ആയി ഇറങ്ങിത്തിരിച്ചാൽ രാജ്യത്തിന്റെ സ്ഥിതി എന്താകും ? ഭൂരിപക്ഷ സമുദായ സംഘടനകൾ ഇത്തരം പ്രകോപനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ, പ്രധാനമന്ത്രി പ്രതികരിക്കാതെയിരിക്കുന്ന രാഷ്ട്രീയ പരിതസ്ഥിതിയിൽ, ന്യൂനപക്ഷ സമുദായങ്ങൾക്ക് എങ്ങനെ സുരക്ഷ തോന്നും ?

ഇപ്പോഴത്തെ പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ ലേബർ പാർട്ടിയും, തെരഞ്ഞെടുപ്പ് ജയത്തിനു വേണ്ടിയുള്ള അടവു നയത്തിന്റെ ഭാഗമായി, പോൾ റെയ്മണ്ട് ബെറിൻജറെയും അദ്ദേഹത്തിന്റെ മൗറീ

ഷ്യൻ മിലിറ്റന്റ് മൂവ്മെന്റിനെയും ഉപയോഗിക്കുകയാണോ ? തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷ സീറ്റുകൾ നേടി കരാറുകൾ സാങ്കേതികതയിൽ കുരുക്കി ഉപേക്ഷിച്ച്, MMM നെ പ്രതിപക്ഷത്തേക്ക് ഓടിക്കാൻ കരുക്കൾ നീക്കപ്പെടുമോ ? ഇതൊക്കയാണ് യഥാർത്ഥത്തിൽ നടക്കാൻ പോകുന്നതെങ്കിൽ, ഇങ്ങനെയൊരു സർക്കാർ ഭരണത്തിൽ വരേണ്ടതുണ്ടോ ? രാഷ്ട്രീയ കുടില തന്ത്രങ്ങൾ അണിയറയിൽ രൂപപ്പെടുന്നുവെങ്കിൽ, രാജ്യത്തെ പൗരനന്മയെ കരുതി, ഇത്തരം പദ്ധതികൾ പൊളിച്ചടുക്കുവാൻ നാം ദൈവം തമ്പുരാനോട് ഏറെ പ്രാർത്ഥിക്കണം. ഇൻശാ അല്ലാഹ്.

ഈ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിന് ചെലവഴിച്ച തുകയുടെ കണക്ക് പരിശോധിച്ചാൽ, മുമ്പത്തെ അപേക്ഷിച്ച്, അഞ്ചിരട്ടി കൂടിയിരിക്കുന്നു. മൗറീഷ്യസിലെ നാഷണൽ അസംബ്ലി ഒരു വർഷത്തിൽ 6 മാസം, ശരാശരി 35 സമ്മേളനങ്ങൾ നടത്താറുണ്ട്. ഈ വർഷം, പക്ഷെ, രണ്ടു മാസം, 8 സമ്മേളനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്. സാധാരണ വർഷങ്ങളിൽ ഒരു സമ്മേളനത്തിന് 50 ലക്ഷം രൂപ ചെലവു വരുമ്പോൾ, ഈ വർഷം അത് രണ്ടര കോടി രൂപയായി ഉയർന്നിരിക്കുന്നു. പൊതു ഖജനാവിലെ വിലപ്പെട്ട ധനം, നാലുമാസ ക്കാലം വെറുതേയിരിക്കാൻ പാർലമെന്റ് അംഗങ്ങൾക്കായി നൽകപ്പെടുന്നു.

മാർച്ച് മാസം മുതൽ ജൂലൈ വരെയും, ഒക്ടോബർ മുതൽ ഡിസംബർ വരെയുമായി ആറുമാസ ക്കാലം പാർലമെന്റ് സമ്മേളനങ്ങൾ നടക്കാറുണ്ട് ഓരോ വർഷവും. എന്നാൽ ഇത്തവണ, അത് രണ്ട് മാസമേ സമ്മേളിക്കുകയുണ്ടായിട്ടുള്ളൂ. ഏപ്രിൽ, ജൂലൈ കാലത്ത്. പാർലമെന്റ് ബഡ്ജറ്റ് മാത്രം ഒരു വർഷം പതി നേഴരകോടി രൂപയുടേതാണ്. ഒരു സെഷന് 50 ലക്ഷം രൂപ ശരാശരി ചെലവ് കണക്കാക്കപ്പെടുന്നു. എന്നാൽ 2014 ൽ ആകട്ടെ, വാർഷിക ചെലവ് 20 കോടി രൂപ കടന്നു; എന്നാൽ, എട്ട് സമ്മേളനങ്ങൾ മാത്രമാണ് നട ന്നത്. സ്പീക്കറുടെയും പാർലമെന്റ് ജീവനക്കാരുടെയും ശമ്പളം മാത്രം ബഡ്ജറ്റിന്റെ 60 ശതമാനം വിഴു ങ്ങുന്നുണ്ട്.

സർ അനിരുദ്ധ് ജഗനാഥിന്റെ നേതൃത്വത്തിലാണ് ജനകീയ സഖ്യം പാർട്ടി തെരഞ്ഞെടുപ്പ് നേരിടാൻ, പ്രചാരണങ്ങൾ നടത്തുന്നത്. രാജ്യത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളേയും ഒരു കുടക്കീഴിൽ അണിനി രത്താൻ പാർട്ടി ലക്ഷ്യമിടുന്നു. അവരുടെ വീക്ഷണത്തിൽ, ജനങ്ങൾ അവരുടെ പരിപാടികൾ അംഗീകരി ക്കും ; നല്ല പിന്തുണ അവർക്ക് ലഭിക്കുന്നുണ്ട് എന്നവർ പറയുന്നു.

## **ജനാധിപത്യ ക്രമത്തിന്റെ ഭാവി**

രണ്ടാം റിപ്പബ്ലിക്ക് ആശയം നിലവിൽ വരുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് ജനപക്ഷത്ത് ഒരുപാട് സംശയങ്ങൾ ബാക്കിഉണ്ട്. രാജ്യത്തിന്റെ ജനാധിപത്യ ക്രമത്തെ അതു മാറ്റിമറിയ്ക്കുമോ ? രാജ്യ ത്തിന്റെ പരമാധികാരവും, ജനതയുടെ മൗലികാവകാശങ്ങളും വിവരിക്കപ്പെടുന്ന ഭരണഘടനയുടെ ഒന്നാം ഭാഗം മാറ്റത്തിന് വിധേയമാകുമോ ?

ബ്രിട്ടനിലും ഇന്ത്യയിലും ഉള്ളതുപോലെ മൗറീഷ്യസിലും പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ പാർല മെന്ററി സംവിധാനം നിലവിലുണ്ട്. പ്രസിഡന്റിന് ആ സംവിധാനത്തിൻ കീഴിൽ ലഭിക്കുന്നതിലേറെ അധി കാരങ്ങൾ വിഭാവന ചെയ്യുന്ന, നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റിയൻ ഭരണം നമ്മുടെ ജനാധിപത്യ ക്രമത്തെ എങ്ങനെ ബാധിക്കും ? പുതിയ അധികാരത്തിന്റെ ബലത്തിൽ, പ്രസിഡന്റ് നാഷണൽ അസംബ്ലി പിരിച്ചുവിടാൻ, ആറുമാസങ്ങൾ കഴിഞ്ഞ് തീരുമാനിച്ചാൽ, നമ്മുടെ ജനാധിപത്യ ക്രമത്തിലെ വലിയൊരു മാറ്റ മാവില്ലേ അത് ?

മാറ്റി മറിയേക്കേണ്ടത് രാജ്യത്തിന്റെ ജനാധിപത്യ ക്രമത്തെയല്ല ; മറിച്ച്, രാഷ്ട്രീയ വ്യവസ്ഥിതിയുടെ നിലവിലെ പ്രവർത്തന രീതികളെയാണ്. ഇത് രണ്ടും രണ്ടു പ്രശ്നങ്ങളാണ് ; ഒരേ വിഷയമല്ല. പ്രധാന മന്ത്രി കേന്ദ്രീകൃതമായ പാർലമെന്ററി ഭരണസംവിധാനത്തിൽ നിന്ന്, പ്രസിഡന്റിൽ- കേന്ദ്രീകൃതമായ/ കൂടു തൽ അധികാരങ്ങൾ നിക്ഷിപ്തമായ ഭരണസംവിധാനത്തിലേക്കുള്ള മാറ്റം ശ്രദ്ധാപൂർവ്വം, എല്ലാ വശങ്ങളും ആലോചിച്ചും പഠിച്ചും ചെയ്യേണ്ടതാണ്. വിവിധ രാജ്യങ്ങളുടെ വിവിധ മാതൃകകൾ ഇപ്പോൾ തന്നെ നമുക്ക് മുന്നിലുണ്ട്. രാജ്യത്തെ സാഹചര്യങ്ങൾക്കനുസൃതമായ ഒരു മോഡൽ തെരഞ്ഞെടുക്കുകയാണ് നാം ചെയ്യേണ്ടത്. സങ്കീർണ നിയമ പ്രശ്നങ്ങളിൽ കുരുങ്ങി, വ്യവസ്ഥിതിയുടെ ഭാവി അപകടത്തിലാവാതിരി ക്കാൻ നല്ലൊരു ഘടനാ മോഡൽ തെരഞ്ഞെടുക്കേണ്ടത് അത്യാവശ്യമാണ്.

ഇനി നമുക്ക് അല്ലാഹുവിന്റെ നിയമസംഹിതയുടെ തത്വങ്ങൾ പരിശോധിക്കാം. സമൂഹത്തിന്റെ ഐക്യവും അഖണ്ഡതയുമാണ് ഇസ്ലാമിക നിയമത്തിന്റെ ലക്ഷ്യം. പരിവർത്തനത്തിനുള്ള വഴിയായി അത് സദ്പ്രേരണയെ കാണുന്നു; ശക്തിയും സ്വാധീനവും ഉപയോഗിച്ചുള്ള നിർബന്ധിതമാറ്റം അതിന്റെ മാർഗ്ഗമല്ല. ഏറ്റവും വലിയ കുറ്റങ്ങൾക്ക് മാത്രം ശിക്ഷാവിധികൾ അത് പ്രഖ്യാപിച്ചിരിക്കുന്നു. കൊലപാതകം, ശാരീരിക ഉപദ്രവം, മോഷണം, പിടിച്ചുപറി, വ്യഭിചാരം, വ്യാജാരോപണങ്ങൾ സ്ത്രീകൾക്കെതിരിൽ പടച്ചുവിടൽ, മദ്യ പാനം തുടങ്ങിയ കുറ്റങ്ങൾക്ക് ഖുർആൻ ശിക്ഷ വിധിച്ചിരിക്കുന്നു. സമൂഹത്തിലെ ശാന്തിയും സമാധാനവും നിലനിർത്തുക. സദ് പ്രേരണയും ഉപദേശവും മുഖേനെ പരിവർത്തനങ്ങൾക്ക് ചാലക ശക്തിയാകുക. വ്യക്തി യുടെ കുറ്റബോധത്തെയും പരിവർത്തനങ്ങൾ വരുത്തുവാനുള്ള കഴിവിനേയും അംഗീകരിച്ചുകൊണ്ട് സമൂ ഹത്തിൽ ഗുണപരമായ പരിഷ്ക്കാരങ്ങൾക്ക് സമന്വയത്തിന്റെ പാത അത് ചൂണ്ടിക്കാട്ടുന്നു.

ആത്മീയ പുരോഗതിയും സാമൂഹിക നന്മയും ഇസ്ലാമിക നിയമങ്ങൾ ലക്ഷ്യം വയ്ക്കുന്നു. അനു സരിക്കുന്നവർക്ക് പ്രതിഫലവും നിഷേധിച്ച് ഉപേക്ഷിക്കുന്നവർക്ക് ശിക്ഷയും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ശിക്ഷകൻ, ഈ ലോകത്തും പരലോകത്തും ഒരുമിച്ചും വ്യത്യസ്തമായും അത് പ്രഖ്യാപിച്ചിരിക്കുന്നു. പ്രതിഫ ലമാകട്ടെ വരുന്ന ലോകത്ത് വിശ്വാസികളെ കാത്തിരിക്കുന്നുവെന്നും ഇസ്ലാം അനുശാസിക്കുന്നു. സമൂഹ ത്തിന്റെ അഖണ്ഡതയും ഐക്യവും നിലനിർത്തുവാൻ അനുവദനീയ കാര്യങ്ങളും നിഷിദ്ധമായ പ്രവർത്തി കളും വ്യക്തമായി നിർവ്വഹിക്കുന്ന തത്വങ്ങൾ നൽകുന്നുവെന്നതാണ് ഇസ്ലാമിക നിയമത്തിന്റെ പ്രത്യേകത.

## മൗറീഷ്യസിലെ മുസ്ലീംകൾ

ഈ വരുന്ന തെരഞ്ഞെടുപ്പിൽ, വോട്ട് ചെയ്യാൻ യോഗ്യത നേടിയിട്ടുള്ളവരിൽ 1,37,616 പേർ മുസ്ലീംക ളാണ്. രാജ്യത്തെ ഹിന്ദു സമുദായം വ്യത്യസ്ത ജാതി - ഭാഷാ ഗ്രൂപ്പുകൾ ചേർന്നതാണ് - വൈശ്യർ, തമിഴ്, തെലുങ്ക്, രജപുത്രർ, മറാത്തി, മദ്രാസി, ദ്രാവിഡർ തുടങ്ങിയ വ്യത്യസ്ത സമുദായങ്ങളായി വേർപിരിഞ്ഞ് നിൽക്കുന്നു. വോട്ടിംഗ് നടത്തുവാൻ യോഗ്യതയുള്ള വ്യക്തികളുടെ എണ്ണത്തിൽ പരിശോധിച്ചാൽ മുസ്ലീം കൾ മൂന്നാമത്തെ പ്രബല സമുദായമാണ്. പൊതുസമൂഹത്തിൽ (അഹിന്ദു / അമുസ്ലീം) 2,60,406 വോട്ടർമാ രുണ്ട്. അത് കഴിഞ്ഞാൽ വൈശ്യ സമുദായത്തിന്റെ അംഗബലം 1,99,638 വോട്ടർമാരിൽ നിഴലിക്കുന്നു. കണക്കുകൾ പരിശോധിക്കുമ്പോൾ പൊതുസമുദായമായ ക്രയോൾ വംശജർക്കൊപ്പം മുസ്ലീംകളും ഒത്തു ചേർന്നാൽ, ഹിന്ദു സമുദായം ന്യൂനപക്ഷമാകും, രാജ്യത്തെ ഇപ്പോഴത്തെ പ്രബല സമുദായം അവരാണെ ങ്കിലും !

രാജ്യത്ത് ഇത്രയേറെ മുസ്ലീംകൾ ഉണ്ടായിരുന്നിട്ടും അവർക്ക് അവരുടേതായ ഒരു രാഷ്ട്രീയ പാർട്ടി ഇല്ല. സമുദായത്തിന്റെ താൽപ്പര്യങ്ങൾ അംഗീകരിക്കപ്പെടണമെങ്കിൽ, കാര്യങ്ങൾ മറ്റുള്ളവർ തീരുമാനിക്കും. അവരുടെ സ്ഥാനാർത്ഥികളെ പിന്തുണയ്ക്കുകയാണ് ഈ സമുദായത്തിന്റെ ഏകവഴി. സാമുദായിക താൽപ്പര്യ ങ്ങൾ സംരക്ഷിക്കുവാൻ മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നതും അവരുടെ തീരുമാനങ്ങൾ കാത്തു നിൽക്കേണ്ടി വരുന്നതും ലജ്ജാകരമായ സ്ഥിതി വിശേഷമാണ്. ഇത്രവലിയൊരു സമുദായത്തിന് ഇത് അപ മാനകരമാണ്. എത്രനാൾ ഇങ്ങനെ തുടരും ? നമ്മുടെ അവകാശങ്ങൾ നാം തന്നെ നേടിയെടുക്കണം. നമ്മുടെ ശബ്ദം നാം ഉയർത്തി കേൾപ്പിക്കണം. പാർലമെന്റിൽ എന്നാണ് നമ്മുടെ പ്രശ്നങ്ങൾ ചർച്ചക്ക് വിധേയമായി ട്ടുള്ളത് ? എല്ലാ വെള്ളിയാഴ്ചയും ജുമ്മാ നമസ്ക്കാര സമയവും ഈദുൽ ഫിത്ത്ർ ദിനത്തിലെ അവധിയും മാത്രമാണ് ഇപ്പോൾ നിയമപരമായി അനുവദിയ്ക്കപ്പെട്ടിരിക്കുന്നത്. വലിയപെരുനാൾ / ഈദുൽ അദ്ഹ ദിനം പോലും രാജ്യത്ത് പൊതു അവധിയില്ല. രാജ്യത്തെ മുസ്ലീം വ്യക്തി നിയമത്തെയും അവർ ഒതുക്കി കള ഞ്ഞു. !

സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി മുസ്ലീം വിഷയങ്ങളിൽ മുതലക്കണ്ണീരൊഴുക്കുന്ന രാഷ്ട്രീയ പാർട്ടികളെ, സമുദായം തിരിച്ചറിയുമോ ? രാജ്യത്തെ മുസ്ലീം സമൂഹം എന്ന നിലയിൽ, നമ്മുടെ വ്യത്യസ്തതകൾക്കും അഭിപ്രായ ഭിന്നതകൾക്കും അപ്പുറം യോജിപ്പിന്റെ മേഖലകൾ പൊതു താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തി ഒരുമിച്ചു പ്രവർത്തിക്കുവാൻ നമുക്ക് എന്നാണ് കഴിയുക ?

എന്റെ ഉപദേശം അനുസരിച്ച് പ്രവർത്തിക്കാൻ മുസ്ലീംകൾ തയ്യാറാകുമെങ്കിൽ, രാജ്യത്തും ലോക ത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള മുസ്ലീംകൾ സ്വന്തം ഭാഗധേയം സ്വയം നിർണ്ണയിക്കുവാൻ കഴിവുള്ളവ

രായി തീരും, ഇൻശാ അല്ലാഹ്. അപമാനത്തിന് പുറത്ത് അപമാനം നേരിടുന്ന ഇന്നത്തെ അവസ്ഥയിൽ നിന്ന് മോചനം നേടുവാൻ, സമുദായത്തിലെ ശുദ്ധ ഹൃദയരും, സദ്‌വൃത്തരുമായ വ്യക്തികൾ യോജിച്ച് പ്രവർത്തിക്കണം.

എന്റെ ഖുത്തുബ ദീർഘിച്ചിരിക്കുന്നു. ഒരുകാര്യം ഞാൻ ഉറപ്പിച്ചു പറയട്ടെ ജമാഅത്തുസഹീഹിൽ ഇസ്‌ലാം രാഷ്ട്രീയ ഉപചാപങ്ങൾക്കതീതമായ ജമാഅത്താണ്. ഒരു പ്രധാനമന്ത്രിക്കും അദ്ദേഹത്തിന്റെ സർക്കാരിനും അതിനെ സമ്മർദ്ദത്തിൽ വരുത്താനാകില്ല. ഞങ്ങൾ സമുദായത്തെ വില്പന ചരക്കായി കാണുന്നില്ല. സർക്കാരിൽ നിന്നും ഒരാനുകൂല്യവും ഞങ്ങൾ വാങ്ങുന്നില്ല. അതുകൂടാതെ, വ്യക്തിപരമായും, ജമാഅത്ത് എന്ന നിലയിലും ഒരു തരത്തിലുള്ള ബാങ്കു പലിശയും ഞങ്ങൾ സ്വീകരിക്കുന്നില്ല. ഞങ്ങൾ കുറഞ്ഞ സംഘമാണ്. ഇവിടെയെങ്കിലും ഒരാനുകൂല്യവും ഞങ്ങളുടെ സമ്പത്തിന്റെ ഭാഗമല്ല. ഞങ്ങളുടെ അംഗങ്ങൾ ധന ത്യാഗം ചെയ്യുന്നു. സ്വന്തം വിയർപ്പും അദ്ധ്വാനവും ശമ്പളവും അവർ ആത്മീയ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. ഈ രാജ്യത്തും വിദേശത്തും ഉള്ള നമ്മുടെ അംഗങ്ങൾ ത്യാഗത്തിന്റെ പാതയിലാണ്. അല്ലാഹു (ത) വിന്റെ അനുഗ്രഹത്താൽ അവരുടെ ധനത്തിൽ അനുഗ്രഹം ചെയ്യുന്നുണ്ട്. ഒരു ജമാ അത്ത് എന്ന നിലയിൽ ഞങ്ങൾ ഭൗതീകഗാംഭീര്യം തേടുന്നവരല്ലാ, മറ്റുള്ളവരുടെ സബ്സിഡികളും ഞങ്ങൾക്ക് ആവശ്യമില്ല. രാഷ്ട്രീയക്കാരുടെ കാല്ക്കൽ വീണ്, അവരുടെ ദൈവം ചമയലിന് വളം വയ്ക്കുന്നവരുമല്ല. ഞങ്ങൾക്ക് പൊയ്ദൈവങ്ങളെ ആവശ്യമില്ല. ഏകനായ നാഥന്റെ കാരുണ്യവും മഹത്തായ അനുഗ്രഹവുമാണ് നാം കാംക്ഷിയ്ക്കുന്നതും അർത്ഥിക്കുന്നതും.

ചുരുക്കത്തിൽ അന്തസ്സും ജീവിത വിഭവങ്ങളും അല്ലാഹു (ത) വിന്റെ കരങ്ങളിലാണ് ഉള്ളത്. അതുകൊണ്ട്, പ്രിയ സഹോദരീ - സഹോദരന്മാരെ നമുക്ക് സമയം പാഴാക്കാതെ മുന്നോട്ടു പോകാം. ഒരുമയിലാണ് ശക്തിയുള്ളത്. സദ്‌വൃത്തികളിൽ തീർച്ചയായും ദൈവീക സഹായം ഉണ്ടാകും. അല്ലാഹുവിന്റെ വിധിവിലക്കുകൾ നടപ്പിൽ വരുത്താൻ നമുക്ക് പരിശ്രമിക്കാം. ഇൻശാ അല്ലാഹ് !


**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**Fazil Jamal**


*****************